## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *76** — **30.11.2018- ൽ മറുപടിക്ക്**

# തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്താൻ നടപടി

**ചോദ്യം**

ശ്രീ.കെ.സി. ജോസഫ് :

(എ) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണമെന്ന സുപ്രീംകോടതി ഉത്തരവ് പ്രകാരമുള്ള നിയമം കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) തൊഴിൽ മേഖലയിൽ അഞ്ചിൽ കൂടുതൽ സ്ത്രീകൾ ജോലിചെയ്യുന്ന സ്ഥാപനത്തിൽ ആഭ്യന്തര സമിതികൾ രൂപീകരിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

**മറുപടി**

ശ്രീ. ടി. പി. രാമകൃഷ്ണൻ
തൊഴിലും എക് സൈസും വകുപ്പ് മന്ത്രി

(എ) യും (ബി) യും തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണമെന്ന് സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് അനുബന്ധമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of Women at Work Place(Prevention, Prohibition And Redressal) Act-2013. തൊഴിലിടങ്ങളിൽ അതിക്രമം ചെറുക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും(ICC) ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും, പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും 1556/ബി3/16/സാനീവ തീയതി 26.05.16 പ്രകാരം സാമൂഹ്യനീതി വകുപ്പിൽ നിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും ഇത് സംബന്ധിച്ച അറിയിപ്പും നൽകിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനത്തിൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്തമാണ്. തൊഴിൽ വകുപ്പിന്റെ സ്ഥാപന പരിശോധനാ വേളയിൽ ഏതെങ്കിലും സ്ഥാപനത്തിൽ മേൽ പറഞ്ഞ പ്രകാരമുള്ള ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപെട്ടാൽ

| | |
|---|---|
| | ആയത് രൂപീകരിക്കാനുള്ള നിർദ്ദേശം തൊഴിലുടമകൾക്ക് നൽകാറുണ്ട്. |
| (സി) അസംഘടിത തൊഴിൽ മേഖലയിൽ ഈ നിർദ്ദേശം ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) അസംഘടിത മേഖലയിൽ ഈ നിയമം ബാധകമാക്കിയിട്ടുണ്ട്. |
| (ഡി) സ്ത്രീ തൊഴിലാളികൾക്ക് മാനസിക പിന്തുണ, സ്വയം പ്രതിരോധ പരിശീലനം, ബോധവത്ക്കരണം എന്നിവ നൽകുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ? | (ഡി) തൊഴിൽ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചും, ലഭ്യമാകേണ്ട ആനുകൂല്യങ്ങളെക്കുറിച്ചും, സുരക്ഷയെക്കുറിച്ചും തൊഴിൽ വകുപ്പ് മുഖേന ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ.